**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1449** — **03-12-2018 ൽ മറുപടിക്ക്**

**പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പാട്ടത്തിന് നൽകിയ സർക്കാർ ഭൂമിയുടെ പാട്ടക്കുടിശ്ശികയായി സർക്കാരിന് 495 കോടി ലഭിക്കാനുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | 14 ജില്ലകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് 495 കോടിയോളം രൂപ പാട്ടക്കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതായി തിട്ടപ്പെടുത്തിയിട്ടുള്ളത്. ആയത് പരിശോധനയിലാണ്. |
| (ബി) നവകേരള സൃഷ്ടിക്കായി ഭീമമായ തുക ആവശ്യമായിവരുന്ന സാഹചര്യത്തിൽ ഇത്തരം കുടിശ്ശിക പിരിച്ചെടുക്കാൻ സമയബന്ധിതമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;<br>(സി) പാട്ടക്കരാർ റദ്ദാക്കി ഭൂമിയും നിർമ്മിതികളും സർക്കാരിലേക്ക് കണ്ടുകെട്ടുവാൻ നടപടി സ്വീകരിക്കുമോ; | (ബി)യും & (സി)യും | 14 ജില്ലകളിൽ നിന്നും വിവര ശേഖരണം നടത്തുകയും ടി തുക അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാട്ടക്കുടിശ്ശികയുള്ള കേസുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായും ലാന്റ് റവന്യൂ കമ്മീഷണർ, ധനകാര്യ , നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുമുള്ള സമിതി ഈ വിഷയം വിശദമായി പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തുവരുന്നു. |
| (ഡി) അല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അടക്കമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**